"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.ബിന്ദു.എസ്.കുമാർ ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.896/2023-മേലുള്ള 16.06.2023-ലെ വിധ്യന്യായം അനുപാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1986/2023/H&FWD തീയതി,തിരുവനന്തപുരം, 07-08-2023

---

പരാമർശം:-

1. ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM) No.896/2023-മേലുള്ള 16.06.2023-ലെ വിധ്യന്യായം.
2. ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ബിന്ദു.എസ്.കുമാർ സമർപ്പിച്ച 19.06.2023 തീയതിയായ അപേക്ഷ.
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 28.07.2023-ലെ ഇ.എ1-12564/2023/ആവഡ നമ്പർ കത്ത്.

**ഉത്തരവ്**

2023 വർഷത്തെ കൺസൾട്ടന്റമാരുടെ പൊതുസ്ഥലംമാറ്റത്തിൽ പാലക്കാട് ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിയ ഗൈനക്കോളജി വിഭാഗം കൺസൾട്ടന്റ് ഡോ.ബിന്ദു. എസ്. കുമാർ പ്രസ്തുത സ്ഥലംമാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA (EKM) No.896/2023 ഫയൽ ചെയ്യുകയുണ്ടായി. അപേക്ഷക സർക്കാർ മുമ്പാകെ ഒരാഴ്ചയ്ക്കുള്ളിൽ നിവേദനം സമർപ്പിക്കുകയാണെങ്കിൽ സർക്കാർ പ്രസ്തുത നിവേദനത്തിലെ വാദങ്ങൾ പരിശോധിച്ച് മൂന്ന് ആഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ പരാമർശം (1) വിധിന്യായ പ്രകാരം ബഹു:ട്രൈബ്യൂണൽ ഒന്നാം എതിർകക്ഷിയായ സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

2) 11.02.2019 മുതൽ പാലക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ ജോലി ചെയ്തു വരുന്നതായും, എന്നാൽ 29.03.2016 മുതൽ 08.02.2019 വരെ മാവേലിക്കര ജില്ലാ ആശുപത്രിയിൽ സേവനത്തിലിരുന്നിട്ടുണ്ടെന്നും 2023-ലെ പൊതുസ്ഥലം മാറ്റത്തിന് അപേക്ഷ സമർപ്പിക്കാതിരുന്നിട്ടും ടിയാളെ ആലത്തൂർ താലൂക്ക് ആശുപത്രിയിലേയ്ക്ക് മാറ്റുന്നതിന് കരട് പ്രസിദ്ധീകരിക്കുകയും, ആയതിനെതിരെ അപ്പീൽ സമർപ്പിച്ചിട്ടും പരിഗണിക്കപ്പെടാതെ കരട് സ്ഥലംമാറ്റം സ്ഥിരപ്പെടുത്തുകയും ചെയ്തതായും മെഡിക്കൽ ഓഫീസർ പരാമർശം (2) പ്രകാരം

0195357

സമർപ്പിച്ച അപേക്ഷയിൽ പരാതിപ്പെട്ടിരിക്കുന്നു. അപേക്ഷക ജോലി നോക്കിയിരുന്ന പാലക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ 10 വർഷം ജൂനിയർ കൺസൾട്ടന്റായും 7 വർഷം കൺസൾട്ടന്റായും ആകെ 17 വർഷം സേവനമനുഷ്ഠിച്ചിരുന്ന ഒരു മെഡിക്കൽ ഓഫീസറേയും, 7 വർഷമായി ടി ആശുപത്രിയിൽ ജോലി ചെയ്തു വരുന്ന മറ്റൊരു മെഡിക്കൽ ഓഫീസറെയും ആശുപത്രിയിൽ നിലനിറുത്തിയതിന് ശേഷമാണ് ടിയാളെ സ്ഥലംമാറ്റിയിരിക്കുന്നതെന്നും, കൂടാതെ ടിയാളൊരു പട്ടിക ജാതിക്കാരിയായ ഡോക്ടറാണെന്നും, ആവശ്യപ്പെടാതെയാണ് സ്ഥലംമാറ്റം നൽകിയിരിക്കുന്നതെന്നും ആരോപിച്ചിരുന്നു.

3) തൃശ്ശൂർ വടക്കൻചേരി ജില്ലാ ആശുപത്രിയിൽ 21.02.2014 മുതൽ ജോലി ചെയ്യുന്ന എസ്.സി/എസ്.ടി വിഭാഗത്തിൽപ്പെട്ട ഡോ.സുജയ.കെ-യുടെ അപേക്ഷ പരിഗണിക്കുന്നതിനായിട്ടാണ് ഡോ.ബിന്ദു.എസ്.കുമാറിനെ പാലക്കാട് ജില്ലയിൽ തന്നെയുള്ള ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലം മാറ്റിയതെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) കത്ത് പ്രകാരം റിപ്പോർട്ട് നൽകിയിരുന്നു. കൂടാതെ 08.06.2010 മുതൽ 31.08.2012 വരെ പാലക്കാട് ജില്ലാ ആശുപത്രിയിലും, 01.09.2012 മുതൽ 23.03.2016 വരെ പാലക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിൽ ഡോ.ബിന്ദു.എസ്.കുമാർ ജോലി നോക്കിയിട്ടുള്ളതിനാലും, പ്രസ്തുത രണ്ട് സ്ഥാപനങ്ങളും 15 കി.മീ. പരിധിക്കുള്ളിലായതിനാൽ സ്ഥലംമാറ്റ മാനദണ്ഡപ്രകാരം ഒരേ സ്റ്റേഷനായി കണക്കാക്കുന്നതിനാലും, ടിയാൾക്ക് എസ്.സി. വിഭാഗത്തിനുള്ള 5 വർഷ പരിഗണന ഒരു തവണ ലഭിച്ചിട്ടുള്ളതാണെന്നും, എന്നാൽ പാലക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ 01.09.2012 മുതൽ ഡോ.സിന്ധു.ബി.-യും 01.02.2017 മുതൽ ഡോ.ശ്രീജ വി.ചന്ദ്രനും ജോലി നോക്കി വരുന്നതിനാൽ പ്രസ്തുത സ്റ്റേഷനിൽ ഏറ്റവും സീനിയർ ആയ ഡോ.സിന്ധു.ബി-യെ ഡോ.ബിന്ദു എസ് കുമാറിനെ സ്ഥലം മാറ്റിയ ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റം നൽകിക്കൊണ്ട് ഡോ.ബിന്ദു.എസ്.കുമാറിനെ പാലക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ തന്നെ നിലനിറുത്താവുന്നതാണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ നൽകുകയുണ്ടായി.

4) സർക്കാർ ടി വിഷയം വിശദമായി പരിശോധിച്ചു. 2023 പൊതുസ്ഥലം മാറ്റത്തിൽ ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റപ്പെട്ട ബിന്ദു എസ് കുമാറിനെ പാലക്കാട് സ്ത്രീകളുടേയും കുട്ടികളുടേയും ആശുപത്രിയിൽ നിലനിറുത്തിക്കൊണ്ടും പ്രസ്തുത ആശുപത്രിയിലെ ഡോ.സിന്ധു.ബി.യെ ആലത്തൂർ താലൂക്ക് ആസ്ഥാന ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റിക്കൊണ്ടും ഉത്തരവാകുന്നു.

5) ഡോ.ബിന്ദു എസ്. കുമാർ ബഹു:ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA (EKM)

No.896/2023-ന്മേലുള്ള 16.06.2023-ലെ വിധിന്യായം ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ബന്ധപ്പെട്ട ജില്ലാ മെഡിക്കൽ ഓഫീസർക്ക് (ആരോഗ്യം).
ഡോ.ബിന്ദു.എസ്.കുമാർ, കൺസൾട്ടന്റ് (ഗൈനക്കോളജി), നീലാംബരി, കരിഗാരപ്പള്ളി, പാലക്കാട് - 678 551.
ഡോ.സിസ്സു.ബി., കൺസൾട്ടന്റ് (ഗൈനക്കോളജി) (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

മേലെഴുത്ത് നം. ഇ.എ1 - 12564/2023/ആ.വ.ഡ,
തീയതി 08.08.2023

Signed by
R Renuka
സെക്ഷൻ ഓഫീസർ
Date: 07-08-2023 11:03:14

സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടികൾക്കുമായി വെബ്സൈറ്റിൽ ഇൻസിഡിക്കരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി.

0195751